രിതവ ഗതാഗത വകുപ്പും നിലവിലുള്ള നാഷണൽ ഹൈവേയ്ക്ക് കുറുകെ പുതിയ റെയിൽപാത കടക്കുമ്പോൾ ചെലവ് റെയിൽവേയും വഹിക്കും. റെയിൽവേയും റോഡും നിലവിലുള്ള സ്ഥലങ്ങളിൽ ട്രെയിൻ വെഹിക്കിൾ യൂണിറ്റ് ഒരു ലക്ഷത്തിലധികമാണെങ്കിൽ റെയിൽവേ വകുപ്പും ബന്ധപ്പെട്ട സർക്കാരും ചെലവ് പങ്കിടൽ അടിസ്ഥാനത്തിലും അതിൽ കുറവാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഡെപ്പോസിറ്റ് വർക്കായും പണി നടത്തുന്നതാണ്.

(ഡി) നാഷണൽ ഹൈവേ 17-ലെ നിലവിലുള്ള ലവൽ ക്രോസിംഗുകളിൽ ഓവർബ്രിഡ്ജുകൾ പണിയുന്നതിന് സമയ ബന്ധിതമായ പരിപാടികൾ പൊതുമരാമത്തു വകുപ്പിലെ നാഷണൽ ഹൈവേ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് 329.40 ലക്ഷം രൂപാ നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പുതിയ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 4 കോടി രൂപ കൂടി ലഭ്യമാക്കാമെന്ന് ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ഉറപ്പുനൽകിയിട്ടുണ്ട്

(എഫ്) വർക്കല ആർ.യു.ബി വേലൂർ ആർ.ഒ.ബി.

വടക്കാഞ്ചേരി ആർ ഒ ബി

അകപ്പറമ്പ് ആർ ഒ ബി

കളമശ്ശേരി ആർ ഒ ബി

(ജി) ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ മേൽപ്പാലങ്ങളുടെ പണി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നുണ്ട്.

14 (*100) ഏകീകൃത പരീക്ഷാ കലണ്ടർ

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകളിൽ ഏകീകൃത പരീക്ഷാ കലണ്ടർ പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഐ.യു.സി.സി.ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഇന്റർ യൂണിവേഴ്സിറ്റി കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ മറ്റു ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) കമ്മിറ്റിയുടെ മറ്റു ശുപാർശകൾ താഴെ പറയുന്നു.

1) സർവകലാശാലകളിലെ ഫീസ് ഏകീകരിക്കുക ഫീ റിവിഷൻ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

2) കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു അഞ്ചംഗ കമ്മറ്റി രൂപീകരിക്കുക.

3) എൻ.സി.സി.യെ കോളേജുതലത്തിലെ പാഠ്യവിഷയങ്ങളുമായി സംയോജിപ്പിക്കുന്നതു സംബന്ധിച്ച് സർവകലാശാലകളുമായി ചർച്ചചെയ്യുക.

4) അന്തർ സർവകലാശാല സ്ഥലമാറ്റനിയമ പ്രകാരം സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശമ്പളം സംരക്ഷിക്കുക, ശമ്പളം തിട്ടപ്പെടുത്തുക.

5) പ്രീഡിഗ്രി കോഴ്സിലേയ്ക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ 2000-മാണ്ടുവരെ തുടരുക.

6) കോഴിക്കോട് സർവകലാശാലയ്ക്കുവേണ്ടി കോഴിക്കോട് ഗവൺമെൻറ് ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ ഒരേക്കർ സ്ഥലം നൽകുക.

7) ഔദ്യോഗിക ആവശ്യങ്ങൾക്കായി തിരുവനന്തപുരത്തു വരുന്ന മറ്റു സർവകലാശാലകളിലെ ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിന് ഒരു ഫ്ളാറ്റ് വാങ്ങുക.

8) അൺ എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സർവകലാശാല കലാ-കായികമത്സരങ്ങളിലും യൂണിവേഴ്സിറ്റി യൂണിയൻ പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ അനുവാദം നൽകുക.

9) സർവകലാശാലകളിലെ ബി.എഡ് സെന്ററുകളിലേയ്ക്ക് സ്കൂൾ സർവീസിൽ നിന്നും യോഗ്യതയുള്ള അദ്ധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കുക.

10) ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി അത്തരം സർവകലാശാലകൾ നടപടി കൈക്കൊള്ളുക.

(സി) ഈ ശുപാർശകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

15 (*101) ഭവന നിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും തരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ രംഗത്തെ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വീടില്ലാത്തവർക്കെല്ലാം വീടു നിർമ്മിച്ചുകൊടുക്കുന്നതിന് സമയബന്ധിതമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാശം അറിയിക്കുമോ;

(ഡി) സർക്കാർ ആവിഷ്കരിച്ച വിവിധ ഭവന നിർമ്മാണ പദ്ധതികളനുസരിച്ച് ഇതിനകം എത്ര വീടുകൾ വീതം നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഹഡ്കോയുടെ സഹായത്തോടെ കശുവണ്ടി, കയർ, കൈത്തറി, ബീഡി, ഖാദി, ഗ്രാമീണ, വ്യവസായങ്ങൾ, ചെറുകിടതോട്ടങ്ങൾ എന്നീ മേഖല

LIBRARY ARCHIVES Kerala Legislative Assembly